LIBRARY ARCHIVES Kerala Legislative Assembly

കരമന-കളിയിക്കാവിള ദേശീയപാതാ വികസനം

230 (1958) ശ്രീ. എൻ. ശക്തൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരമന-കളിയിക്കാവിള ദേശീയപാതാ വികസനത്തിനായി ഇപ്പോൾ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കി എന്നറിയിക്കുമോ ;

(ബി) ഈ പ്രദേശത്തെ പാതവക്കിൽ പട്ടയമില്ലാതെ സ്ഥലം കൈയേറിയവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരത്തിൽ റോഡ് കൈയേറിയ എത്രപേർ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത് ;

(ഡി) ദേശീയ പാതയോരത്ത് പട്ടയമില്ലാതെ വർഷങ്ങളായി കുടിൽ കെട്ടി താമസിക്കുന്നവരെ ഒഴിപ്പിക്കാനും, അവരുടെ പുനരധിവാസം ഉറപ്പാക്കുന്നതിനും എന്തൊക്കെ നടപടികൾ പൂർത്തിയായിയെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത റോഡുവികസനത്തിന്റെ ഭാഗമായി ഒഴിപ്പിക്കുന്ന വ്യാപാരികളുടെ പുനരധിവാസ പാക്കേജിന് രൂപം നൽകിക്കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കരമന മുതൽ വഴിമുക്ക് വരെയുള്ള 12 കിലോമീറ്റർ അലൈൻമെന്റ് പ്ലാനിന് അംഗീകാരം നൽകിക്കഴിഞ്ഞു പുതിയതായി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ 6(1) നോട്ടിഫിക്കേഷൻ തയ്യാറായിട്ടുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ അതിർത്തി കല്ലുകൾ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി&സി) പട്ടിക തയ്യാറായിട്ടില്ല.

(ഡി&ഇ) ഫാസ്റ്റ് ട്രാക്ക് വ്യവസ്ഥയിൽ ഭൂമി ഏറ്റെടുക്കുന്നതാണ്. പാക്കേജിന് രൂപം നൽകിയിട്ടില്ല.

കൊല്ലങ്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

231 (1959) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലങ്കോട് മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം ആണെന്ന് വിശദമാക്കുമോ ;